HON'BLE MR. K. R. ELANKATH: (*a*) Yes.

(*b*) Rs. 18-21-0.

(*c*) Section Officer, Vellayambalam.

(*d*) Mr. Raman Pillai of the Modern Furniture Mart, Trivandrum.

(*e*) About 6 C. ft.

(*f*) Rs. 3 per C. ft.

MR. P. T. CHACKO : ഈ മഹാഗണി വൃക്ഷം ചിലർക്ക് ശ്രദ്ധാവേശത്തിന് കാരണമുണ്ടാക്കിയതായറിയാമോ?

MR. PRESIDENT . That question is not allowed.

പൊതുമരാമത്തുജോലി.

*352. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

ഫ 0 0 0 0 രൂപായിൽ കൂടുതൽ ചിലവു വരുന്ന പൊതുമരാമത്തു ജോലികൾ തുടങ്ങരുതെന്ന് എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറ് അഡിഷ്ണൽ ഡിപ്പാർട്ടുമെൻറിലേക്ക് നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

HON'BLE MR. K. R. ELANKATH : ഇല്ല.

കോളേജ് പ്രവേശനം.

*353. MR. MOHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് കോളേജ് പ്രവേശനം ലഭിക്കത്തക്കവിധം ഗവണ്മെൻറ് എന്തെങ്കിലും പ്രത്യേക വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്താണ് ആ വ്യവസ്ഥകൾ?

(സി) ഈ കൊല്ലവും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ ഒട്ടുമിക്ക കുട്ടികൾക്ക് കോളേജ് പ്രവേശനം കിട്ടാതെയായിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്.

(ബി) പ്രവേശനത്തിന് പ്രത്യേകമായി ഏറ്റവും കുറഞ്ഞമാർക്കുകൾ നിർണ്ണയിച്ചിട്ടുള്ള കോളേജുകളിൽ പിന്നോക്കസമുദായങ്ങളിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം ആ ചട്ടങ്ങൾ ഉദാരമായിത്തന്നെ വ്യാഖ്യാനിക്കണമെന്ന് അധികൃതർക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman].

നൽകിയിട്ടുണ്ട്. അതുപോലെതന്നെ പരീക്ഷ പാസ്സാകുന്നതിനു എത്ര തവണ വരെയാമെന്നു ക്ലിപ്തപ്പെടുത്തിക്കൊണ്ടു ചട്ടങ്ങൾ ഉള്ളടക്കുന്ന പിന്നോക്കസമുദായങ്ങളിലെ അംഗങ്ങളെ ഒഴിവാക്കാറുണ്ട്.

(സി) ഇല്ല.

കയർവ്യവസായം.

*354. MR. K. SARANGADHARAN (*Ambalapuzha II—General*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ?

കയർകൊണ്ടുണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ വ്യവസായമാന്ദ്യത്തിന്റെ ഹേതുക്കൾ അന്വേഷിച്ചറിഞ്ഞു് അതിനു വേണ്ടപരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിന് ഒരു വിദഗ്ദ്ധക്കമ്മിറ്റിയെ നിയമിക്കുന്നതിനു ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഈ സംഗതികളെപ്പറ്റി അന്വേഷിക്കുന്നതിനു ഗവണ്മെൻറ് സ്മിത്തു കമ്മിറ്റി എന്ന ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ താൽക്കാലിക റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു കയർ ഫാക്ടറികൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് ആരംഭിച്ചു കഴിഞ്ഞു. ഉപവ്യവസായത്തിനും ട്രെയ്നിംഗ്, എക്സ്റ്റൻഷൻ കൃഷി മുതലായ ഡിപ്പാർട്ടുമെൻറുകളിലേക്കും ആവശ്യാനുസരണം ഇപ്പോൾ ഉപയോഗിച്ചുവരുന്ന ചണച്ചാക്കുകൾക്കു പകരം കയർ ചാക്കുകൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി അതാതു ഡിപ്പാർട്ടുമെൻറ് മേലധികാരികൾക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇംഗ്ലണ്ട്, ആസ്ട്രേലിയാ, അർജൻറയിൻ മുതലായ വിദേശരാജ്യങ്ങളിലേക്കു് കയർ സാമാനങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനു നിലവിലിരിക്കുന്ന തടസ്സങ്ങൾ നീക്കിക്കിട്ടണമെന്നു കേന്ദ്രഗവണ്മെൻറിനോടു് അപേക്ഷിക്കുകയും അതിന്മേൽ നമുക്കു കുറെ വിജയം സിദ്ധിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ നിവേദനഫലമായി കയറുസാമാനങ്ങളുടെ ഇറക്കുമതി ഇംഗ്ലണ്ടു യുദ്ധത്തിനു മുൻപുണ്ടായിരുന്ന നിരക്കിലേക്കു ഉയർത്തി തൽഫലമായി നമ്മുടെ കയറുമതി മുന്നാണ്ടു ൩൦ ശതമാനമായിരുന്നതു് ഇപ്പോൾ ൧൦൦ ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly